ഉത്തരം

(എ) ഇല്ല. എന്നാൽ ബാങ്ക് അക്കൗണ്ടിലൂടെ മാത്രം അംഗങ്ങൾക്ക് ക്ഷേമനിധി ആനുകൂല്യങ്ങൾ വിതരണം ചെയ്യുന്നതിന് തീരുമാനിച്ചിട്ടുണ്ട്.

(ബി) ഇല്ല. ബാങ്ക് അക്കൗണ്ട് നമ്പരും വ്യക്തിഗത വിവരങ്ങളും അഡ്വാൻസ് ഇൻഫർമേഷൻ ഇന്റർഫേസ് സോഫ്റ്റ്വെയറിൽ അപ്ലോഡ് ചെയ്തിട്ടുണ്ട്. വിവിധ ക്ഷേമനിധികളിലെ 19,75,000 അംഗങ്ങൾ ഇപ്രകാരം രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(സി) എല്ലാ ക്ഷേമനിധി അംഗങ്ങളുടേയും പേരിൽ ബാങ്കിൽ സീറോ ബാലൻസ് അക്കൗണ്ട് ആരംഭിക്കുന്നതിന് നടപടികൾ സ്വീകരിക്കുന്നതിന് ക്ഷേമനിധി ബോർഡുകൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട് അഡ്വാൻസ് ഇൻഫർമേഷൻ ഇന്റർഫേസ് സോഫ്റ്റ്വെയറിൽ ഡേറ്റ അപ്ലോഡ് ചെയ്തിട്ടില്ലാത്ത അംഗങ്ങൾക്ക് ക്ഷേമനിധി ബോർഡുകളുടെ ജില്ലാ ഓഫീസ് വഴി രജിസ്ട്രേഷൻ നടത്തുന്നതിനുള്ള ക്രമീകരണം ചെയ്തിട്ടുണ്ട്.

(ഡി) അഡ്വാൻസ് ഇൻഫർമേഷൻ ഇന്റർഫേസ് സോഫ്റ്റ്വെയർ സിസ്റ്റത്തിൽ അക്ഷയ കേന്ദ്രങ്ങൾവഴി ഡേറ്റ അപ്ലോഡ് ചെയ്യുന്നതിനുള്ള ക്രമീകരണങ്ങൾ 31-8-2014 വരെ നടത്തിയിരുന്നു. ഡേറ്റ അപ്ലോഡ് ചെയ്തിട്ടില്ലാത്ത അംഗങ്ങളുടെ രജിസ്ട്രേഷൻ ക്ഷേമനിധികളുടെ ജില്ലാ ഓഫീസ് വഴി നടത്തുന്നതിനുള്ള ക്രമീകരണങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. ഡേറ്റ അപ്ലോഡ് ചെയ്ത അംഗങ്ങൾക്ക് തിരിച്ചറിയൽ കാർഡ് നൽകുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്.

കയറ്റിറക്ക് കൂലി പോസ്റ്റ് ഓഫീസ്, അക്ഷയ കേന്ദ്രം എന്നിവ വഴി സ്വീകരിക്കുന്നതിന് നടപടി

231 (939) ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീ. അൻവർ സാദത്ത് :
ശ്രീ. വി. റ്റി. ബൽറാം :
ശ്രീ. സണ്ണി ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ചുമട്ട് തൊഴിലാളികൾക്കുള്ള കയറ്റിറക്ക് കൂലി, പോസ്റ്റ് ഓഫീസ്, അംഗീകൃത അക്ഷയ കേന്ദ്രം എന്നിവ വഴി സ്വീകരിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഇതിനുള്ള അനുമതി തൊഴിൽ വകുപ്പ് നൽകിയിട്ടുണ്ടോ ; വിശദാംശങ്ങൾ വ്യക്തമാക്കുമോ ;

(സി) ഇതിനുള്ള തുടർനടപടികൾ ആരാണ് സ്വീകരിച്ചിട്ടുള്ളത് ; വിശദമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഉണ്ട്. പൊതുജനങ്ങളിൽനിന്നും ചുമടുതൊഴിലാളികൾക്കുള്ള കയറ്റിറക്ക് കൂലി പോസ്റ്റ് ഓഫീസ്, അംഗീകൃത അക്ഷയകേന്ദ്രം എന്നിവ വഴി സ്വീകരിക്കുന്നതിന് കേരള ചുമടുതൊഴിലാളി ക്ഷേമ ബോർഡ് ചീഫ് എക്സിക്യൂട്ടീവിന് 22-5-2012-ലെ സ.ഉ. (സാധാ) നമ്പർ 768/2012/തൊഴിൽ പ്രകാരം അനുവാദം നൽകിയിട്ടുണ്ട്.

(സി) ഇതിനുള്ള തുടർനടപടി കേരള ചുമടു തൊഴിലാളി ക്ഷേമ ബോർഡ് ചീഫ് എക്സിക്യൂട്ടീവാണ് സ്വീകരിക്കേണ്ടത്. മേൽ പറഞ്ഞ ഉത്തരവിന്റെ അടിസ്ഥാനത്തിൽ പോസ്റ്റ് ഓഫീസ്, അംഗീകൃത അക്ഷയകേന്ദ്രം എന്നിവ വഴിയും കയറ്റിറക്ക് കൂലി സ്വീകരിക്കുന്നതിന് നടപടി സ്വീകരിക്കുവാൻ എല്ലാ ജില്ലാ കമ്മിറ്റി ചെയർമാൻമാർക്കും ബോർഡ് ചീഫ് എക്സിക്യൂട്ടീവ് നിർദ്ദേശം നൽകിയിട്ടുണ്ട്.

അടച്ചുപൂട്ടിയ ബാറുകളിലെ തൊഴിലാളികൾ

232 (940) ശ്രീ. ഇ. ചന്ദ്രശേഖരൻ :
ശ്രീ. വി. എസ്. സുനിൽ കുമാർ :
ശ്രീ. പി. തിലോത്തമൻ :
ശ്രീമതി ഗീതാഗോപി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അടച്ചു പൂട്ടിയ ബാറുകളിലെല്ലാം കൂടി രജിസ്റ്റർ ചെയ്ത എത്ര തൊഴിലാളികളുണ്ട് ;

(ബി) ഇത്തരം ബാറുകളിൽ അനുബന്ധ തൊഴിലാളികളുണ്ടോ ; ഉണ്ടെങ്കിൽ എത്ര പേർ ;

(സി) ബാർ തൊഴിലാളികളെ പുനരധിവസിപ്പിക്കുന്നതിനുള്ള പദ്ധതികളുണ്ടോ ; ഉണ്ടെങ്കിൽ വിശദമാക്കുമോ ;

(ഡി) അനുബന്ധ തൊഴിലാളികളെ പുനരധിവസിപ്പിക്കുന്നതിനുള്ള എന്തെങ്കിലും പദ്ധതികളുണ്ടോ ; ഉണ്ടെങ്കിൽ ഇതിനകം സ്വീകരിച്ച പദ്ധതികൾ വിശദമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly